# സ്തുതിയുടെ ആത്മാവും വിശുദ്ധിയും

സാക് പുന്നൻ

WFTW 07 ജൂൺ 2015

2 ദിനവൃത്താന്തം 20ൽ, നമുക്കു സാത്താനെതിരായി യുദ്ധം ചെയ്യാൻ കഴിയുന്നതെങ്ങനെ എന്നതിന്റെ ഒര ചിത്രമാണ് നാം കാണുന്നത്. അവിടെ നാം വായിക്കുന്നത് യഹോശാഫാത്ത് രാജാവിനെതിരായി വലിയ ഒരു ജനസമൂഹം യുദ്ധത്തിനു വരുന്നതിനെക്കുറിച്ചാണ്. എന്നാൽ ഇത്രയുമധികം ശത്രുക്കളാൽ എതിരിടപ്പെട്ടപ്പോൾ, യഹോശാഫാത്ത് ശരിയായ കാര്യം ചെയ്തു. ഉപവാസത്തോടും പ്രാർത്ഥനയോടും കൂടി ദൈവത്തെ അന്വേഷിക്കുവാൻ യഹൂദാ ജനത്തെ മുഴുവനായും അദ്ദേഹത്തിനു ലഭിച്ചു. അപ്പോൾ അദ്ദേഹം അവരുടെ ബലഹീനതയും, ബുദ്ധിയില്ലായ്മയും എന്നാൽ അവരുടെ, വിശ്വാസവും ഏറ്റുപറഞ്ഞുകൊണ്ട് ദൈവത്തോടു പ്രാർത്ഥിച്ചു. അദ്ദേഹം പറഞ്ഞു "ഞങ്ങളുടെ ദൈവമേ, അവിടുന്ന് അവരെ വിധിക്കയില്ലയോ? എന്തെന്നാൽ ഞങ്ങളെ ആക്രമിക്കുന്ന ഈ മഹാസൈന്യത്തെ നേരിടുവാനുള്ള ശക്തി ഞങ്ങൾക്കില്ല; യഹോവേ ഞങ്ങൾ എന്തു ചെയ്യേണ്ടു എന്നറിയുന്നില്ല, എന്നാൽ ഞങ്ങൾ നിങ്കലേക്കു കണ്ണുകൾ ഉയർത്തിയിരിക്കുന്നു'' (വാ. 12). ഫലപ്രദമായ എല്ലാ പ്രാർത്ഥനയുടെയും രഹസ്യം ഇതാണ് -നമ്മുടെ ബലഹീനതയും ബുദ്ധിയില്ലായ്മയും അംഗീകരിക്കുകയും നമുക്കുവേണ്ടി യുദ്ധം ചെയ്യുന്നതിനായി ദൈവത്തിൽ പൂർണ്ണമായി ആശ്രയിക്കുകയും ചെയ്യുന്നതാണ്.

യഹോശാഫാത്ത് ഏറ്റു പറഞ്ഞത് എന്തു ചെയ്യണമെന്ന് അയാൾ അറിയുന്നില്ല എന്നാണ് - ചെയ്യാൻ കഴിയുന്ന ഒരു നല്ല ഏറ്റു പറച്ചിലാണത്, എന്തെന്നാൽ തങ്ങൾക്ക് ജ്ഞാനം കുറവാണെന്ന് ഏറ്റു പറയുന്ന എല്ലാവർക്കും അതു കൊടുക്കാമെന്ന് ദൈവം വാഗ്ദാനം ചെയ്തിട്ടുണ്ട്. എന്നാൽ വിശ്വാസത്തോടുകൂടി ജ്ഞാനത്തിനായി നാം ചോദിക്കേണ്ട ആവശ്യമുണ്ട് (യാക്കോബ് 1;5,6). യഹോശാഫാത്ത് ചെയ്തതും അതാണ് . തന്റെ കഴിവില്ലായ്മയും തന്റെ ജ്ഞാനത്തിന്റെ കുറവും ഏറ്റുപറയുക മാത്രമല്ല അദ്ദേഹം ചെയ്തത്. ദൈവത്തിലുള്ള പൂർണ്ണമായ ആശ്രയം പ്രകടിപ്പിച്ചുകൊണ്ടാണ് അയാൾ തന്റെ പ്രാർത്ഥന അവസാനിപ്പിച്ചത്. അവൻ പറഞ്ഞു; "എന്നാൽ ഞങ്ങൾ അങ്ങയിലേക്കു കണ്ണുകൾ ഉയർത്തിയിരിക്കുന്നു'' മറ്റു വാക്കുകളിൽ പറഞ്ഞാൽ അയാൾ ദൈവത്തോട് ഇങ്ങനെ പറയുകയായിരുന്നു. "ഞങ്ങൾക്കു വേണ്ടി അവിടുന്ന് പ്രവർത്തിക്കണമെന്ന് ഞങ്ങൾ പ്രതീക്ഷിക്കുന്നു.'' ദൈവം അതു പ്രവർത്തിക്കുകയും ചെയ്തു!! യോഹോശാഫാത്ത് പ്രാർത്ഥിച്ചു കഴിഞ്ഞ ഉടനെ, പെട്ടെന്ന് ദൈവം ഇപ്രകാരം പറഞ്ഞു. "ഈ മഹാ സൈന്യം മൂലം നിങ്ങൾ ഭയപ്പെടരുത്, അധീരരാകുകയും അരുത്, എന്തെന്നാൽ യുദ്ധം നിങ്ങൾക്കുള്ളതല്ല, യഹോവയ്ക്കുള്ളതത്രേ. ഈ യുദ്ധത്തിൽ നിങ്ങൾക്കു പൊരുതേണ്ടതായി വരികയില്ല. നിങ്ങളുടെ സ്ഥാനങ്ങളിൽ നിശ്ചലരായി ഉറച്ചു നിന്നുകൊള്ളുക. എന്നിട്ട് യഹോവ നിങ്ങൾക്കു തരുന്ന വിടുതൽ കണ്ടുകൊള്ളുക'' (വാ. 15,17). യഹോവയുടെ ആ വാക്കുകൾ കേട്ട ഉടനെ യഹോശാഫത്ത് ദൈവത്തെ ആരാധിച്ചു. അടുത്ത ദിവസം രാവിലെ അവൻ "വിശുദ്ധ വസ്ത്രാലങ്കാരം ധരിച്ചു യഹോവയെ സ്തുതിച്ചു പാടുവാൻ ആളുകളെ നിയോഗിച്ചു.'' അവർ സൈന്യത്തിന്റെ മുമ്പിൽ നടന്ന് സ്തുതി പാടിക്കൊണ്ട് യഹൂദായുടെ പടയാളികളെ യുദ്ധത്തിനു നയിച്ചു. അവർ യഹോവയെ സ്തുതിച്ചു പാടുവാൻ തുടങ്ങിയ ഉടനെ, യഹോവ അവരുടെ ശത്രുക്കളെ തോല്പിച്ചു (വാ. 21,22).

കർത്താവിലുള്ള നമ്മുടെ വിശ്വാസം പ്രകടിപ്പിച്ചുകൊണ്ടുള്ള സ്തുതിയുടെ ആത്മാവാണ് നമ്മുടെ ശത്രുക്കളെ ഓടിപ്പോകുമാറാക്കുന്നത്. വിശേഷിച്ച് അവർ വിശുദ്ധ വസ്ത്രാലങ്കാരത്തോടെ ദൈവത്തെ സ് തുതിച്ചു എന്നാണ് നാം കാണുന്നത്. സഭയിൽ നമുക്കാവശ്യമായ സന്തുലിതാവസ്ഥയും ഇതു തന്നെയാണ്. സ് തുതിയുടെ ആത്മാവും വിശുദ്ധിയും. നിർഭാഗ്യവശാൽ ക്രിസ്തീയ ഗോളത്തിൽ, ഈ കാര്യത്തിൽ രണ്ടു ധ്രുവങ്ങളിലാണ് വിശ്വാസികളെ നാം കാണുന്നത്. ഒരുവശത്ത്, വിശുദ്ധ ജീവിതം നയിക്കാതെ ദൈവത്തെ വലിയ ശബ്ദത്തോടും, ഒച്ചപ്പാടോടും കൂടെ സ്തുതിക്കുന്നവരെ നാം കാണുന്നു. സഭാ യോഗങ്ങളിൽ അവർ അന്യഭാഷയിൽ ദൈവത്തെ സ്തുതിക്കുകയും അതിനു ശേഷം ഭവനത്തിൽ ചെന്നു മാതൃഭാഷയിൽ അവരുടെ ഭാര്യമാരോട് കയർക്കുകയും ചെയ്യുന്നു!! ഇതാണ് വഞ്ചനയുടെ ഒരറ്റം. വിവേചനമില്ലാത്ത ദേഹീമയനായ ഒരു

വ്യക്തിക്ക് ഇങ്ങനെയുള്ള ശബ്ദവും വികാരങ്ങളും സ്വർഗ്ഗീയമായി കാണാൻ കഴിയും. എന്നാൽ വിവേചനമുള്ള ഒരാൾ “ജഡസ്വഭാവമുള്ളവർക്ക് ദൈവത്തെ പ്രസാദിപ്പിക്കുവാൻ കഴിയുകയില്ല'' (റോമ. 8:8) എന്ന് തിരിച്ചറിയും; അവർ എത്ര വൈകാരികമായി “അന്യഭാഷയിൽ'' പാടുന്നു എന്നതോ അല്ലെങ്കിൽ എത്ര ഉച്ചത്തിൽ കർത്താവിനെ സ്തുതിക്കുന്നു എന്നതോ കാര്യമല്ല. മറ്റെ അറ്റത്ത്, ആത്മാർത്ഥമായി തങ്ങളെ തന്നെ വിധിക്കുകയും ദൈവഭക്തിയുള്ള ജീവിതം നയിക്കുന്ന കാര്യം അന്വേഷിക്കുകയും ചെയ്യുന്ന അനേകരെ നാം കാണുന്നു. എന്നാൽ അവരുടെ ജീവിതത്തിൽ ഒരിക്കലും സ്തുതിയുടെ ഒരാത്മാവുള്ളതായി കാണപ്പെടുന്നില്ല. എല്ലാ സമയത്തും തമ്മിൽ തമ്മിൽ പ്രബോധിപ്പിക്കുന്ന കാര്യത്തിൽ മാത്രം വിശ്വസിക്കുന്നതായി അവർ കാണപ്പെടുന്നു - എന്നാൽ അതു ചെയ്തുകൊണ്ടിരിക്കുമ്പോഴും അവർ വളരെ ഗൌരവമുള്ളവരും വിഷണ്ണരുമായി കാണപ്പെടുന്നു!

എബ്രാ. 2:12ൽ യേശുവിനെക്കുറിച്ചു എഴുതിയിരിക്കുന്നത് അവിടുന്നു സഭയുടെ മുമ്പാകെ രണ്ടു കാര്യങ്ങൾ ചെയ്തു എന്നാണ്: (1) പിതാവിന്റെ നാമത്തെ ഉദ്ഘോഷിച്ചു (2) പിതാവിന്റെ സ്തുതി പാടി. യേശു തന്റെ പിതാവിന്റെ വചനങ്ങൾ നമുക്കു കൊണ്ടുവന്ന അവിടുത്തെ ഒരു ദൂതൻ മാത്രമായിരുന്നില്ല. എന്നാൽ സഭയിൽ പിതാവിനെ സ്തുതിക്കുന്നതിനും പാടുന്നതിനും നേതൃത്വം നൽകുന്നവനും കൂടിയായിരുന്നു. അപ്പോൾ നമ്മുടെ മുന്നോടി എന്ന നിലയിലും ജ്യേഷ്ഠ സഹോദരൻ എന്ന നിലയിലും സഭാ യോഗങ്ങളിൽ നാം യേശുവിനെ അനുഗമിക്കേണ്ടിയ രണ്ടു മേഖല ഇവയാണ്.

നാം സഭയിൽ വചനം പങ്കുവയ്ക്കുവാൻ എഴുന്നേറ്റ് നിൽക്കുമ്പോൾ നമ്മുടെ പിതാവിന്റെ നാമമാണ് നാം ഉദ്ഘോഷിക്കേണ്ടത്. അല്ലാതെ നമ്മുടെ സ്വന്ത നാമമല്ല. നമുക്ക് എത്ര നന്നായി പ്രസംഗിക്കാൻ കഴിയുമെന്നോ അല്ലങ്കിൽ കഴിഞ്ഞ ആഴ്ചയിൽ നാം എത്ര വിശ്വസ്തരായിരുന്നുവെന്നോ, മറ്റുള്ളവരെ കാണിക്കാനല്ല നാം എഴുന്നേറ്റ് നിൽക്കുന്നത്. അല്ലെങ്കിൽ ദൈവവചനത്തിൽ നാം കണ്ട അവർക്കാവശ്യമായ ചില വചനങ്ങൾകൊണ്ട് ജനങ്ങളുടെ തലയ്ക്കടിക്കാനുമല്ല!! അങ്ങനെയുള്ള എല്ലാ പ്രസംഗങ്ങളും ഭൌമീകവും, ദേഹീപരവും, പൈശാചികവുമാണ്. തന്നെയുമല്ല അതു ദൈവനാമത്തിന് ലജ്ജാകരമായ അപമാനവുമാണ്. അഭിഷേകം ചെയ്ത എല്ലാ പ്രവചനങ്ങളുടെയും ആത്മാവ് യേശുവിന്റെ സാക്ഷ്യം മാത്രമാണ് (വെളി. 19:11). സഭയിൽ പിതാവിനെ സ്തുതിക്കുവാൻ ശബ്ദം ഉയർത്തുന്നതിൽ നാം യേശുവിനെ അനുഗമിക്കണം. പ്രാർത്ഥിച്ചാൽ മാത്രം പോരാ നാം ദൈവത്തെ സ്തുതിക്കയും ചെയ്യണം. പത്തു കുഷ്ഠരോഗികൾ സൌഖ്യത്തിനായി യേശുവിനോടു പ്രാർത്ഥിച്ചു. ഒരാൾ മാത്രമേ അവിടുത്തെ സ്തുതിച്ചുള്ളു. നിർഭാഗ്യവശാൽ ഇന്ന് സഭയിലെ അനുപാതവും ഏതാണ്ടിതു പോലെ തന്നെയാണ്.

ആ യുദ്ധത്തോടുള്ള യഹോശാഫാത്തിന്റെ സമീപനത്തിന്റെ ഫലം “ഒരുത്തനും രക്ഷപ്പെട്ടില്ല'' (വാ.24) എന്നായിരുന്നു. ഇത് അർത്ഥമാക്കുന്നത് നാമും സാത്താനെതിരെയുള്ള യുദ്ധത്തെ ഈ രീതിയിൽ തന്നെ സമീപിച്ചാൽ - വിശ്വാസത്തോടും സ്തുതിയോടുംകൂടി - നമ്മുടെ ഒറ്റ പ്രശ്നങ്ങളും പരിഹരിക്കപ്പെടാതെ അവശേഷിക്കുകയില്ല എന്നാണ്. 2 ദിന. 20 ആരംഭിക്കുന്നത് “ശത്രുക്കളുടെ (പ്രശ്നങ്ങളുടെ) ഒരു വലിയ ജനസമൂഹത്തോടു''കൂടിയാണ്. എന്നാൽ അത് അവസാനിക്കുന്നത് “ഒരു ശത്രുപോലും (പ്രശ്നം) ശേഷിച്ചില്ല'' എന്നതോടു കൂടിയാണ്. നമ്മുടെ ജീവിതങ്ങളിലുള്ള ഓരോ പ്രശ്നങ്ങളും ഇല്ലാതാക്കുവാൻ ദൈവം ശക്തനും കഴിവുള്ളവനുമാണ്. യഹൂദാ ജനം യുദ്ധത്തിന്റെ കൊള്ള മുതൽ കൊണ്ട് സമ്പന്നരായിത്തീർന്നു (വാ. 25). ആത്മീയ സമ്പത്ത് സമ്പാദിക്കുവാൻ നമുക്കുള്ള മാർഗ്ഗവും ഇതു തന്നെയാണ്.

ആ ദിവസം യഹോശാഫത്ത്, പഠിച്ച കാര്യം അയാൾ മറക്കുകയും പിന്മാറ്റത്തിലാകുകയും ജീവിതാവസാനത്തിൽ ഒത്തു തീർപ്പുകാരനാകുകയും ചെയ്തു എന്നതാണ് ദുഃഖകരമായ കാര്യം. ഒരിക്കൽ “ദൈവത്തെ വിശുദ്ധ വസ്ത്രാലങ്കാരത്തിൽ സ്തുതിക്കാൻ'' പഠിച്ച പലരും, അതേ ദൃഢചിത്തതയോടെ അവസാനംവരെ സഹിച്ചു നിൽക്കുന്നതായി കാണുന്നില്ല. ആ വഴിയിൽ എവിടെയോ അവർ വീണ്ടും ഒത്തുതീർപ്പുകാരായി തീരുന്നു. എന്നാൽ നമുക്ക് അങ്ങനെ അകേണ്ട ആവശ്യമില്ല. അന്ത്യം വരെ നമ്മെ ശക്തിയോടെ സഹായിപ്പാൻ ദൈവം കഴിവുള്ളവനാണ്. നാം കർത്താവിനെ എല്ലായ്പ്പോഴും എല്ലാറ്റിനും സ്തുതിക്കുന്നു (മനഃശാസ്ത്രജ്ഞൻമാർ തങ്ങളുടെ രോഗികളോടു പറയുന്നതുപോലെ) “അത് ഇതിനേക്കാൾ മോശമാകാമായിരുന്നു'' എന്ന കാരണത്താലല്ല, എന്നാൽ “അത് ഇതിനേക്കാൾ മെച്ചപ്പെട്ടതാകുമായിരുന്നില്ല'' എന്ന കാരണത്താലാണ് - എന്തെന്നാൽ ദൈവം സകലവും നമ്മുടെ ഏറ്റവും നന്മയ്ക്കാക്കി തീർക്കുന്നു (റോമ.

8:28). അതാണ് വിശ്വാസത്തിന്റെ സ്തുതി. നമുക്കെല്ലാവർക്കും നമ്മുടെ കഴിഞ്ഞകാല ജീവിതങ്ങളിലേക്ക് തിരിഞ്ഞു നോക്കിയിട്ട്, നമുക്ക് തിന്മയായിത്തീരും എന്നു വിചാരിച്ച അനേക കാര്യങ്ങളെ ദൈവം നമ്മുടെ ഏറ്റവും നന്മയ്ക്കാക്കി തീർത്തതെങ്ങനെയാണെന്ന് കാണാൻ കഴിയും. കർത്താവ് ഭാവിയിലും ഇതേ കാര്യം തന്നെ ചെയ്യും. അതു നാം വിശ്വസിക്കുമെങ്കിൽ, നാം കർത്താവിനെ എല്ലാ സമയത്തും വാഴ്ത്തും.

സങ്കീർത്തനം 106:12ൽ നാം വായിക്കുന്നു: "അപ്പോൾ അവർ അവിടുത്തെ വചനം വിശ്വസിച്ചു; അവർ അവിടുത്തേക്കു സ്തുതി പാടി.'' അവിടെ നാം വായിക്കുന്നത് മിസ്രയിം വിട്ടുപോന്ന യിസ്രയേല്യർക്ക് അവരുടെ എല്ലാ ശത്രുക്കളും ചെങ്കടലിൽ മുങ്ങി നശിക്കുന്നതു കണ്ടതിനു ശേഷം മാത്രമേ ദൈവത്തെ സ്തുതിക്കുവാൻ കഴിഞ്ഞുള്ളു (വാ.11) എന്നാണ്. അതാണ് കാഴ്ചയിൽ ജീവിക്കുക എന്നത് - ദൈവം നമ്മുടെ എല്ലാ പ്രശ്നങ്ങളും പരിഹരിച്ചു കഴിഞ്ഞതിനു ശേഷം ദൈവത്തെ സ്തുതിക്കുന്നത്. പഴയ ഉടമ്പടിയുടെ കീഴിൽ സാധ്യമായിരുന്നത് അതുമാത്രമായിരുന്നു. കാരണം അവർക്കു വിശ്വാസത്താൽ ജീവിക്കുവാൻ കഴിഞ്ഞില്ല.

എന്നാൽ ഇന്നു പുതിയ ഉടമ്പടിയുടെ കീഴിൽ, നമ്മുടെ തലയെ പരിശുദ്ധാത്മാവിന്റെ എണ്ണകൊണ്ട് അഭിഷേകം ചെയ്തിരിക്കുന്നു. അങ്ങനെ നാം ദൈവത്തെ സ്തുതിക്കുന്നു. "ഞങ്ങളുടെ ശത്രുക്കളുടെ മുമ്പിൽ... എന്തെന്നാൽ യഹോവ ഞങ്ങളുടെ ഇടയനാണ്, അവിടുന്ന് ഞങ്ങളെ സ്വസ്ഥതയുള്ള വെള്ളത്തിനരികത്തേക്ക് നയിക്കുന്നു'' (സങ്കീ. 23;5,1,2). ചെങ്കടൽ നമുക്കുവേണ്ടി തുറക്കപ്പെട്ടില്ലെങ്കിലും, മിസ്രയിമ്യർ നമ്മുടെ പിന്നാലെ പാഞ്ഞു വരുന്നുണ്ടെങ്കിലും, എല്ലാ വശത്തും മലകൾ നമ്മെ ചുറ്റി വളഞ്ഞാലും ഇന്നു നമുക്കു ദൈവത്തെ സ്തുതിക്കാൻ കഴിയും. അതു സർവ്വശക്തനായ ഒരു ദൈവത്തിൽ വിശ്വസിക്കുന്നതിൽ നിന്ന് ഉത്ഭവിക്കുന്ന ഒരു സ്തുതി ആണ്.

മരണ നിഴലിൻ താഴ്വരയിലായാലും, നാം ഒരു ദോഷവും ഭയപ്പെടുകയില്ല, കാരണം, നമ്മുടെ സ്വർഗ്ഗീയ പിതാവിൽ നിന്ന് അനുവാദം ലഭിക്കാതെ നമ്മുടെ തലയിലെ ഒരു മുടിയിൽപോലും തൊടാൻ നമ്മുടെ ശത്രുവിനു കഴിയുകയില്ല എന്നു നാം വിശ്വസിക്കുന്നു. യേശുവിനെപ്പോലെ നമുക്കും നമ്മുടെ ശത്രുക്കളോടു പറയാൻ കഴിയും. "ഞങ്ങളുടെ സ്വർഗ്ഗസ്ഥനായ പിതാവ് മുകളിൽ നിന്നു തന്നില്ലായിരുന്നെങ്കിൽ നിനക്ക് ഞങ്ങളുടെമേൽ ഒരധികാരവും ഉണ്ടാകുമായിരുന്നില്ല'' (യോഹ. 19:11). അതുകൊണ്ട് നമ്മുടെ സാഹചര്യങ്ങളെയോ, മറ്റാരെയെങ്കിലുമോ കുറിച്ച് പരാതിപ്പെടുവാനോ മുറുമുറുക്കുവാനോ നമുക്കുവേണ്ടി തന്നെ ദുഃഖം തോന്നുവാനോ ഒന്നും ഒരു കാരണവുമില്ല.